മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *271

കെ.എസ്.ആർ.ടി.സി. നൽകുന്ന വിദ്യാർത്ഥി കൺസഷൻ

1(*271) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന കൺസഷനുകൾമൂലം കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എന്തെങ്കിലും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ യാത്രായിളവ് പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) വിദ്യാർത്ഥികളുടെ കൺസഷൻ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ; വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്ന ഈ ഉത്തരവ് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ പ്ലസ് ടു തലം വരെയുള്ള

വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായും മറ്റ് വിദ്യാർത്ഥികൾക്ക് വളരെ കുറഞ്ഞ നിരക്കിലുമാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. അതിനുമുകളിലുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 17.32 ശതമാനം നിരക്ക് മാത്രമാണ് വിദ്യാർത്ഥികളിൽനിന്നും ഈടാക്കി വരുന്നത്. 2018-19 വർഷത്തിൽ കൺസഷൻ ടിക്കറ്റ് അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.ക്ക് 124,26,79,934/- രൂപയുടെ ബാധ്യതയാണ് ഉണ്ടായിട്ടുള്ളത്.

(ബി) സർക്കാർ അംഗീകൃത സ്ഥാപനങ്ങൾക്ക് പുറമേ, സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ആർ.ടി.സി. കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നുണ്ട്. പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായാണ് കൺസഷൻ അനുവദിക്കുന്നത്. സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള, ഒരു വർഷമെങ്കിലും കാലദൈർഘ്യമുള്ള മുഴുവൻ കോഴ്സുകളിലെ കോളേജ് വിദ്യാർത്ഥികൾക്കും പഠനത്തിന് സൗജന്യ നിരക്കിൽ കെ.എസ്.ആർ.ടി.സി. കൺസഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൺസഷൻ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

ഇപ്പോൾ പരിഗണനയിലുള്ള എല്ലാ കൺസഷൻ അപേക്ഷകളും നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എത്രയും വേഗം പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇതിനോടകം നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ രേഖകൾ ഹാജരാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും യൂണിറ്റ് തലത്തിൽ നൽകി വന്നിരുന്ന കൺസഷൻ ടിക്കറ്റ് വിതരണത്തിൽ 2019-20 വർഷത്തിൽ ഒരു ബുദ്ധിമുട്ടും വന്നിട്ടില്ലാത്തതാണ്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, തനത് വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടെയും ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും മറ്റ് ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷകളും കെ.എസ്.ആർ.ടി.സി. നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളുടെ അപേക്ഷകളും ചീഫ് ഓഫീസ് തലത്തിൽ പരിശോധിച്ച് പ്രത്യേകമായ അനുമതി നൽകി തീർപ്പ് കൽപ്പിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, കെ.എസ്.ആർ.ടി.സി. ഇപ്പോൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനം നിസ്സാരമായി കാണാൻ കഴിയില്ല. ഏതാണ്ട് 124.25 കോടി രൂപയോളം നഷ്ടം സഹിച്ചും കൺസഷൻ കൊടുക്കുന്നത് വളരെ മാതൃകായോഗ്യമാണ്. സർ ഇവിടെ Right to Education Act അനുസരിച്ച് എത്രയും അടുത്തുള്ള സ്വകാര്യമേഖലയിലുള്ള വിദ്യാലയങ്ങളാണെങ്കിൽപ്പോലും അവിടെ പഠിക്കാൻ അവസരം കൊടുക്കണമെന്നുള്ളത് മൗലികാവകാശമായി വന്ന സാഹചര്യത്തിൽ നമ്മൾ എന്തു വില കൊടുത്തും ആ കുട്ടികൾക്ക് സൗകര്യം കൊടുക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ അവസരത്തിലും പന്ത്രണ്ടാം ക്ലാസ്സ് വരെ സൗജന്യമായി നമ്മൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യം കൊടുത്തു. ഒരു വർഷത്തിൽ കുറയാത്ത പ്രൊവിഷണൽ അംഗീകാരം ഉള്ളവർക്ക് കൊടുക്കുന്നതിൽ ഒരു വിമുഖത കാണിക്കുന്നുണ്ട്. അതുകൊണ്ട് എവിടെ പഠിച്ചാലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 12-ാം ക്ലാസുവരെ സൗജന്യമായി കൊടുക്കാൻ ബാധ്യതയുള്ളതുകൊണ്ട് permanent ആയി, Provisional ആയി എന്നൊരു മാറ്റത്തിന് വേണ്ടി മാത്രം കൊടുക്കാതിരിക്കുന്നത് ശരിയല്ല.

അങ്ങനെ കൊടുക്കുന്നതിനുള്ള ഒരുപാട് പരാതികളും പ്രശ്നങ്ങളും ഇപ്പോൾ നമ്മുടെ നാട്ടിൽ വന്നിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതു പോലെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ സിലബസ്സുകളുടെ അടിസ്ഥാനത്തിൽ പഠിക്കുന്ന സ്ഥാപനങ്ങളുണ്ട്. ആ സ്ഥാപനങ്ങൾക്ക് വച്ചിട്ടുള്ള ഏക നിബന്ധന അവർ വാർഷിക അഫിലിയേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്നാണ്. എന്നാൽ പലപ്പോഴും അത്തരം സർട്ടിഫിക്കറ്റുകൾ വിചാരിച്ചത്ര വേഗത്തിൽ ഹാജരാക്കുന്നില്ല. അത്തരം അപേക്ഷകൾ പരിഗണിക്കുന്നത് യൂണിറ്റ് അടിസ്ഥാനത്തിലല്ല ചീഫ് ഓഫീസ് അടിസ്ഥാനത്തിലാണ്. സ്വാഭാവികമായും അതുമൂലം ചില കാലതാമസം ഉണ്ടായേക്കാമെന്നാണ് ഞാനും കരുതുന്നത്. എന്നാൽ അത്തരത്തിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി കഴിഞ്ഞാൽ കാലതാമസമില്ലാതെ കൺസഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഇത്രയും കോടിരൂപ നഷ്ടം സഹിച്ചും സർവ്വീസ് നടത്തുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തിൽ ഒരുപാട്

തടസ്സങ്ങൾ നേരിടുകയാണ്. സാമ്പത്തിക ഞെരുക്കംമൂലം ശമ്പളവും പെൻഷനും കൊടുക്കാൻ കഴിയുന്നില്ല. ഗവൺമെന്റ് നിരന്തരമായി ഗ്രാന്റ് കൊടുത്തു കൊണ്ടിരിക്കുകയാണ്. ഏതുവിധേനയും ഈ പൊതുമേഖലാ സ്ഥാപനം നിലനിർത്തേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ആ സ്ഥാപനത്തെ എല്ലാ നിലയ്ക്കും പ്രോത്സാഹിപ്പിക്കേണ്ടത് ഗവൺമെന്റിന്റെ കടമയും അത് നിർവ്വഹിച്ചുകൊണ്ടിരിക്കുകയുമാണ്. അത് കൊടുത്തു കൊണ്ടേയിരിക്കണം. അതിന് യാതൊരു സംശയവുമില്ല. ഇങ്ങനെ സർവ്വീസ് നടത്തുമ്പോൾ ഈ തടസ്സങ്ങൾ വിദ്യാർത്ഥികൾക്കും നേരിടുന്നുണ്ട്. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കെ.എസ്.ആർ.ടി.സി.യെ കരകയറ്റി ഏറ്റവും നല്ല സർവ്വീസായി, മാതൃകായോഗ്യമായി....,നമുക്കറിയാം കേരളത്തിലെ എല്ലാ പ്രൈവറ്റ് മേഖലയിലുള്ള സ്വകാര്യ ബസ്സുകളും കൂടുതൽ പെർമിറ്റുകൾക്ക് വേണ്ടി അപേക്ഷിക്കുകയും താൽപ്പര്യം കാണിക്കുകയും ചെയ്യുമ്പോൾ എത്ര ലോംഗ് റൂട്ടിൽ പോകാൻ സൗകര്യമുണ്ടെങ്കിലും എന്തുകൊണ്ട് ഇങ്ങനെതന്നെ നഷ്ടത്തിൽ പോകുന്നുവെന്നുള്ളത് കണക്കാക്കി കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താൻ പുതിയ പരിപാടി വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോ ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങയുടെ ചോദ്യം കൺസഷനിൽ നിന്ന് മാറി കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി എങ്ങനെ പരിഹരിക്കുമെന്നതിലേയ്ക്കെത്തി. കൺസഷൻ കൊടുക്കുന്നതിനുവേണ്ടി വരുന്ന തുക കെ.എസ്.ആർ.ടി.സി. ആണ് ഇപ്പോൾ വഹിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പ്രതിവർഷം 1000 കോടി രൂപ സഹായധനമായി നൽകുന്നതുകൊണ്ടാണ് ഇങ്ങനെയെങ്കിലും പോകാൻ വേണ്ടി കഴിയുന്നത്. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമാണ് ഈ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറാൻ സാധിക്കുന്നത്. എന്നാൽ സഭയിലെ എല്ലാ അംഗങ്ങൾക്കും അറിയുന്നതു പോലെ എത്രയോ കാലമായി തുടർന്നുവരുന്ന സമ്പ്രദായത്തിന്റെ ഭാഗമായി ഓരോ വർഷവും നഷ്ട കണക്ക് കൂടിവരുന്നതല്ലാതെ കുറച്ചു കൊണ്ടുവരാൻ കഴിയുന്നില്ല. അത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ അതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുകയാണ്. കൺസഷന് 17.26 ശതമാനം നിരക്ക് മാത്രമാണ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കികൊണ്ടിരിക്കുന്നത്. എല്ലാ വിഭാഗങ്ങൾക്കും സൗജന്യം നൽകേണ്ടതുണ്ടോ? ഇതിനെ മെച്ചപ്പെടുത്താനാണ് ആലോചിക്കുന്നതെങ്കിൽ

ഇപ്പോൾ തുടർന്നുവരുന്ന വിവിധ മേഖലകളിലെ പ്രശ്നങ്ങൾക്ക് യുക്തിസഹമായ പരിഹാരം ഉണ്ടാക്കാൻ എങ്ങനെ കഴിയുമെന്ന് ആലോചിക്കാൻ ഇതേപോലെയുള്ള ചർച്ച സഹായകമാകുമെങ്കിൽ അത് നല്ലതാണ്. ആ അർത്ഥത്തിൽ അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ടി. വി. ഇബ്രാഹിം: സർ, സമീപകാലത്തുകണ്ട ഏറ്റവും വിപ്ലവകരമായ തീരുമാനമായിരുന്നു ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഗതാഗത വകുപ്പുമന്ത്രിയായിരുന്നപ്പോൾ എടുത്തത്. വിദ്യാർത്ഥികൾക്ക് പൂർണ്ണമായും ഇതിന്റെ സൗകര്യം ലഭ്യമാണോയെന്നുള്ളത് കൂടുതൽ പരിശോധിക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികൾ സ്വകാര്യമേഖലയിലെ ബസ് ജീവനക്കാരിൽ നിന്നും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിൽ നിന്നും ഏറെ ആശ്വാസകരമാണ് ഈ തീരുമാനമെന്ന് പറയുന്നത്. മാത്രമല്ല, കൺസഷൻ പരിമിതപ്പെടുത്താൻ പോകുന്നുവെന്ന് പറയുന്നത് ഏറെ ആശങ്ക ഉളവാക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത്, 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കുള്ള പൂർണ്ണമായ സൗജന്യം ബി.പി.എൽ.

കുടുംബത്തിലുള്ള കുട്ടികൾക്ക് മാത്രം മതിയോ എന്നാണ്. അതോ മറ്റ് ഏതെങ്കിലും രീതിയിലുള്ള മാനദണ്ഡങ്ങൾ ഉപയോഗിച്ച് പരിമിതപ്പെടുത്താനുള്ള തീരുമാനങ്ങളിലേയ്ക്ക് പോകുമോയെന്നും സംശയിക്കുകയാണ്. ഈയൊരു സന്ദർഭത്തിൽ മലപ്പുറം ജില്ലയിൽ, മഞ്ചേരി- തിരൂർ റൂട്ടിൽ മാത്രമേ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുള്ളൂ. മലപ്പുറം ജില്ലയിലെ കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുള്ള എല്ലാ ബസ്സുകളിലും കൺസഷൻ ലഭ്യമാകുന്നില്ല. മഞ്ചേരി-തിരൂർ റൂട്ടിൽ പോകുന്ന വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ നിരവധിയാണ്. ഈ റൂട്ടിലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂവെന്നും അവിടെ സ്ഥിരതാമസക്കാരായിരിക്കണം തുടങ്ങിയ ഒരുപാട് വ്യവസ്ഥകളാണുള്ളത്. ഈ വ്യവസ്ഥകളൊക്കെ ഒഴിവാക്കാനുള്ള നടപടികൂടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങയുടെ ചോദ്യത്തിൽ, ഞാൻ പറഞ്ഞതിനെ തെറ്റായി വ്യാഖ്യാനിക്കുകയുണ്ടായി. സൗജന്യമായാണ് നടക്കുന്നതെന്ന വസ്തുത നമ്മൾ ഉറക്കെ ചിന്തിക്കണമെന്ന കാര്യം മാത്രമാണ് ഞാൻ പറഞ്ഞത്. ഏതെങ്കിലും തരത്തിൽ നിലവിലുള്ള കൺസഷൻ നൽകുന്ന

വ്യവസ്ഥയിലോ നടപടിക്രമങ്ങളിലോ ഒരു മാറ്റവും വരുത്താൻ ഒരു തരത്തിലുമുള്ള ആലോചനയും കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തുനിന്നോ സർക്കാരിന്റെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല. അത്തരത്തിൽ വന്ന വാർത്തകൾ അടിസ്ഥാന രഹിതമാണ്. കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന ബസ്സുകളിൽ മാത്രമല്ലേ കൺസഷൻ കൊടുക്കാൻ സാധിക്കൂ. സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും എല്ലാ റൂട്ടുകളിലും കെ.എസ്.ആർ.ടി.സി.യുടെ ബസ് സർവ്വീസ് ഇല്ല. കൺസഷൻ കൊടുക്കാൻ മാത്രമായി കെ.എസ്.ആർ.ടി.സി.ക്ക് അതിലൂടെ ബസ് ഓടിക്കാൻ പറ്റില്ല. കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന എല്ലാ സെക്ടറുകളിലും ലിമിറ്റഡ് സ്റ്റോപ് ഓർഡിനറി, ഓർഡിനറി സർവ്വീസുകളിലാണ് കൺസഷൻ നൽകി കൊണ്ടിരിക്കുന്നത്. ആ കൺസഷൻ തുടരും. എന്നാൽ ഒറ്റപ്പെട്ട ആവലാതികളുണ്ട്. ആകെ വന്നിട്ടുള്ള 411 വ്യക്തിഗത പരാതികളാണ് വന്നിട്ടുള്ളത്. ആ പരാതികൾ മെരിറ്റടിസ്ഥാനത്തിൽ പരിശോധിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പൊതുഗതാഗത സൗകര്യങ്ങളും വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങളും ലാഭനഷ്ടങ്ങളുടെ കണക്കിൽ കണക്കാക്കേണ്ടതല്ല. അത് ഒരു സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമാണ്.

നമ്മളെല്ലാവരും ആ രീതിയിൽ തന്നെയാണ് കണ്ടിട്ടുള്ളത്. മണ്ണാർക്കാട്-അട്ടപ്പാടി അതുപോലെ മണ്ണാർക്കാട്-പാലക്കാട് എന്നിവിടങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ധാരാളം റൂട്ടുകളുണ്ടായിരുന്നു. എന്നാൽ സമീപകാലത്തായി ഒരോന്നോരോന്നായി കുറച്ച് കൊണ്ടുവന്നു. ഇപ്പോൾ അട്ടപ്പാടിയിലേയ്ക്കും പാലക്കാട്ടേയ്ക്കുമുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളുടെ എണ്ണം കുറവാണ്. സർവ്വീസുകളുടെ എണ്ണം കുറയുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കൂടുകയും ചെയ്തു. അട്ടപ്പാടിയിൽ സർക്കാർ കോളേജും പോളിടെക്നിക്കും വന്നതിന്റെ ഫലമായി ധാരാളം കുട്ടികൾ മണ്ണാർക്കാടിൽ നിന്നും അട്ടപ്പാടിയിലേയ്ക്ക് പോകുന്നുണ്ട്. പ്രധാനമായും ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ് മാത്രമാണ് സർവ്വീസ് നടത്തുന്നത്. കുട്ടികളുടെ എണ്ണം കൂടുതലാണെന്ന് പറഞ്ഞുകൊണ്ട് കൺസഷൻ കാർഡ് കൊടുക്കാത്ത പ്രശ്നം മണ്ണാർക്കാട് വളരെ രൂക്ഷമായിട്ടുണ്ട്. അത് പാലക്കാട് സെക്ടറിലുമുണ്ട്. അതുകൊണ്ട് സ്കൂൾ, കോളേജ് സമയങ്ങളിൽ പ്രത്യേകിച്ച് രാവിലെയും വൈകുന്നേരവും കുറച്ച് മുടങ്ങിപ്പോയ റൂട്ടുകൾ പുനരാരംഭിക്കാനും പുതിയ സർവ്വീസുകൾ നടത്താനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ? ഇത് ഒരു മലയോര മേഖലയാണ്. 40 കി.മീറ്ററാണ് കൺസഷന്റെ

ലിമിറ്റ്. മണ്ണാർക്കാട്ടിൽ നിന്നും ആനക്കട്ടിയിലേയ്ക്കുള്ള പോളിടെക്നിക്കിലേയ്ക്ക് പോകുന്നതിന് 53 കി.മീറ്റർ ദൂരമാണുള്ളത്. അതുകൊണ്ടുതന്നെ കിലോമീറ്ററിന്റെ പ്രശ്നം വരാറുണ്ട്. പാലക്കാട് ജില്ലയിൽ ഇതൊരു വിഷയമാണ്. മലയോര മേഖലയിൽ മൊത്തത്തിൽ ഈ വിഷയമുണ്ടാകും. മലയോര മേഖലകളിൽ പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. മാത്രം സർവ്വീസ് നടത്തുന്ന മേഖലകളിൽ 40 കിലോ മീറ്ററെന്ന ലിമിറ്റിന് ഇളവ് അനുവദിക്കാമോ; മണ്ണാർക്കാട് ഡിപ്പോയിൽ വിദ്യാർത്ഥികൾ പാസിന് ചെല്ലുമ്പോൾ ദ്രോഹിക്കുന്ന നിലപാടുണ്ട്. വിദ്യാർത്ഥികളോട് സൗഹൃദപരമായി പെരുമാറണമെന്ന നിർദ്ദേശം കൂടി അങ്ങ് കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം നിരവധി ചോദ്യങ്ങളാണ് ചോദിച്ചത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ എണ്ണം വെട്ടിച്ചുരുക്കുന്നുണ്ടെന്നതാണ്. അതൊരു വസ്തുതയാണ്. അതിന് നിരവധി കാരണങ്ങളുണ്ട്. ആ കാരണങ്ങൾ എല്ലാവർക്കും അറിയുന്നതാണ്. ഏറ്റവും ഒടുവിൽ 2800 ഡ്രൈവർമാരെ പിരിച്ചുവിടേണ്ട അവസ്ഥയുണ്ടായപ്പോൾ സ്വാഭാവികമായും സർവ്വീസുകൾ

നിർത്തിവയ്ക്കേണ്ടി വന്നു. അതിന്റെ പ്രതികരണം എല്ലാ മേഖലകളിലും ഉണ്ടായിട്ടുണ്ടാകും. അത് അങ്ങയുടെ മണ്ഡലത്തിൽപ്പെട്ട അട്ടപ്പാടി-അഗളി മേഖലയിലും ഉണ്ടായിട്ടുണ്ടാകും. ആ അവസ്ഥ മെച്ചപ്പെട്ട് വരുന്നതിനനുസരിച്ച് അവ പുനഃസ്ഥാപിക്കുന്നതിനുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അങ്ങിവിടെപ്പറഞ്ഞതുപോലെ 40 കിലോമീറ്റർ എന്ന ഒരു പരിധി നിശ്ചയിച്ചിട്ടുണ്ട്. അത് 42 കിലോമീറ്റർ ആയാൽ, അതിന് ഞങ്ങൾ ഇപ്പോൾ കൊടുത്തിട്ടുള്ള നിർദ്ദേശം സ്വന്തം ഇഷ്ടത്തിനല്ലാതെ അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ദൂരെയുള്ള സ്കൂളിലോ/കോളേജിലോ അഡ്മിഷൻ ലഭിക്കുന്ന ഒരു കുട്ടിക്ക് ആ കുട്ടിയുടെ കാരണത്താലല്ലാതെ 40 കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടി വരുന്നുണ്ടെങ്കിൽ അത് പ്രത്യേക കേസ്സായി പരിഗണിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം എന്നാണ്.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ ആദ്യ ഭാഗത്ത് സൂചിപ്പിച്ചൊരു കാര്യം തന്നെയാണ്. ആ ചോദ്യം അദ്ദേഹം ഉന്നയിച്ച സ്ഥിതിക്ക് ഇനി ഞാൻ ചോദിക്കേണ്ടെന്ന് കരുതിയതാണ്. പക്ഷെ മന്ത്രിയുടെ മറുപടിയിൽ ഒരു ശക്തി പോര. അതുകൊണ്ടാണ് ഞാനിത് വീണ്ടും ഉന്നയിക്കുന്നത്. നിരവധിയായ

സർവ്വീസുകൾ റദ്ദ് ചെയ്യുന്നുവെന്നതൊരു ചെറിയ പ്രശ്നമല്ല. അവിടത്തെ ജനപ്രതിനിധികളൊന്നും ഇതറിയുന്നില്ല. നല്ലതുപോലെ യാത്രക്കാരുള്ള റൂട്ടുകളിൽ 8-10 സർവ്വീസുകൾ ഒരുമിച്ച് റദ്ദാക്കുകയാണ്. അത് ചെറുതല്ലാത്ത പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. നമുക്ക് നാട്ടിൽ നിൽക്കാൻ വയ്യാത്ത സാഹചര്യമാണ്. വരുമാനക്കുറവ് കൊണ്ടല്ല. വരുമാനമില്ലാത്ത റൂട്ടിലാണെങ്കിലത് മനസ്സിലാക്കുവാൻ സാധിക്കും. മറ്റെന്തെങ്കിലും താത്പര്യങ്ങളുണ്ടോയെന്ന് നാട്ടിലെ ആളുകൾ സംശയിക്കുന്നുണ്ട്. ഡ്രൈവർമാരുടെ കുറവാണ് കാരണമെങ്കിൽ അത് അടിയന്തരമായി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും; എന്ന് നമ്മളിത് പുനഃസ്ഥാപിക്കും ; ആ കാര്യത്തിൽ ഒരു ഉറപ്പ് പറയാൻ കഴിയണം, അതിൽ കുറച്ചുകൂടി ഗൗരവമുള്ള സമീപനം സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ശക്തിപോരായെന്ന് പറഞ്ഞു. ശക്തി എല്ലായിടവും കാണിക്കേണ്ടതില്ല. ശക്തി കാണിക്കേണ്ട സ്ഥലത്ത് ശക്തി കാണിച്ചാൽ മതിയെന്നാണ് എന്റെ പൊതുവേയുള്ള നിലപാട്. 2800 ഡ്രൈവർമാരെ പിരിച്ചുവിട്ടത് മന്ത്രിക്ക് ശക്തി പോരാത്തതുകൊണ്ടല്ല കോടതി പറഞ്ഞിട്ടാണ്. കോടതിയിൽ കേസ് ഇപ്പോഴും നിലനിൽക്കുകയാണ്.

സി.എം.ഡി. (ചെയർമാൻ & മാനേജിംഗ് ഡയറക്ടർ)-ക്ക് എതിരെ കോടതി അലക്ഷ്യത്തിനുള്ള കേസ്സാണ് വീണ്ടും വരാൻ പോകുന്നത്. അങ്ങനെ വരുമ്പോൾ നിയമക്കുരുക്കിൽപ്പെട്ടുകിടക്കുന്ന കാര്യത്തിൽ ശക്തികാണിച്ചതുകൊണ്ട് കാര്യമില്ല. നിയമപരമായി അതിന് പരിഹാരം കാണാൻ ശ്രമിക്കുകയാണ് വേണ്ടത്. ആ പരിഹാരം കാണാൻ ശ്രമിക്കുന്ന മുറയ്ക്ക് മാത്രമേ ആ പ്രതിസന്ധി പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റൊരു കാര്യം യാത്രക്കാർ ധാരാളമുള്ളതും കളക്ഷൻ നല്ലരീതിയിൽ ഉള്ളതുമായ റൂട്ടുകളിൽ സർവ്വീസുകൾ റദ്ദുചെയ്യുന്നുണ്ടെങ്കിൽ തീർച്ചയായും അതൊരു റിവ്യൂവിന് വിധേയമാക്കി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഒരു വൈമനസ്യവും കാണിക്കില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, വിദ്യാർത്ഥികളുടെ കൺസഷൻ നിലനിർത്തുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു വിഷയമുണ്ടായപ്പോൾ കെ.എസ്.യു. പോലെയുള്ള വിദ്യാർത്ഥി സംഘടനകളൊക്കെ സമരം നടത്തുകയും കെ.എസ്.യു. പ്രസിഡന്റുൾപ്പെടെ അങ്ങുമായി ചർച്ച നടത്തുകയും അത് പുനഃസ്ഥാപിക്കുന്ന കാര്യത്തെക്കുറിച്ച് അങ്ങ് ഉറപ്പുകൊടുക്കുകയും

ചെയ്തിരുന്നു. ഇവിടെ പ്രശ്നം രണ്ട് വിഷയങ്ങളാണ്. ഒന്ന്, വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകളെ ആശ്രയിക്കുന്ന രാവിലത്തേയും വൈകുന്നേരത്തേയും സമയങ്ങളിൽ ഓർഡിനറി സർവ്വീസുകൾ ഓടിക്കുന്നതിന് പകരം കൂടുതലായി ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ് സർവ്വീസുകളാണ് ഓടിക്കുന്നത്. ആയതിനാൽ വിദ്യാർത്ഥികൾക്ക് അവയെ ആശ്രയിക്കാൻ സാധിക്കുന്നില്ല. മറ്റൊരുകാര്യം, ഏറ്റവും കൂടുതൽ ആളുകൾ കയറുന്ന കെ.എസ്.ആർ.ടി.സി ഡിപ്പോകൾ/കെ.എസ്.ആർ.ടി.സി. സ്റ്റേഷനുകളൊക്കെ പുറമേ നിന്ന് നോക്കിയാൽ കുഴപ്പമില്ല; പക്ഷേ അതിനുള്ളിലേക്ക് കയറി നോക്കിയാൽ ഇരിക്കുവാനോ നിൽക്കുവാനോ ഉള്ള സൗകര്യമില്ലെന്ന് മാത്രമല്ല സ്റ്റേഷനുകൾ പലതും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ഇത് നന്നാക്കി എടുക്കുന്നതിന് വേണ്ടി എന്തെങ്കിലുമൊരു പാക്കേജ്, ഉദാഹരണത്തിന് അങ്കമാലിയിൽ ഉൾപ്പെടെ പുറമേ നിന്ന് നോക്കിയാൽ ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. സ്റ്റേഷനുണ്ട്. എന്നാൽ അതിനകത്തേക്ക് കയറിയാൽ അവിടെ ആവശ്യമായിട്ടുള്ള സൗകര്യങ്ങളില്ല. ബസ് സ്റ്റാന്റ് മുഴുവൻ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന അവസ്ഥയാണ്. ആളുകൾക്ക് ഇരിക്കുവാനുള്ള സൗകര്യങ്ങളോ

കൃത്യമായ ടോയ്‌ലെറ്റ് സൗകര്യങ്ങളോ ഇല്ല. ഇത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി.... അങ്കമാലിയിലെ മാത്രമല്ല പല കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടേയും അവസ്ഥ ഇതുതന്നെയാണെന്നുള്ള അഭിപ്രായം ഇവിടെയിരിക്കുന്ന പല എം.എൽ.എ.-മാർക്കും ഉണ്ടാകും. അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടി ഉണ്ടാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നവീകരണവും പരിഷ്കാരവുമെല്ലാം എല്ലാ മെമ്പർമാർക്കും അറിയാവുന്നതുപോലെ സാമ്പത്തിക ശേഷി വർദ്ധിക്കുന്ന മുറയ്ക്ക് മാത്രമേ അതിന് പരിഹാരം കാണാൻ കഴിയൂവെന്ന യാഥാർത്ഥ്യത്തിന് നേരെ നമ്മൾ കണ്ണടച്ചിട്ട് കാര്യമില്ല. ആ പ്രതിസന്ധി പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുമ്പോൾ സാമ്പത്തിക പ്രതിസന്ധിയാണ് ഇതിനെല്ലാം കാരണം. ആ പ്രതിസന്ധി പരിഹരിക്കാൻ ഇപ്പോൾ തന്നെ സർക്കാർ 1000 കോടി രൂപ തരുന്നുണ്ട്. ഇതിൽക്കൂടുതൽ രൂപ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പക്ഷെ ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്നും ആവശ്യമായ സാമ്പത്തിക സഹായം തരാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണ് അവർക്കുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാത്തിന്റേയും ഉത്തരവാദിത്വം മന്ത്രി വേണമെങ്കിൽ

ഏറ്റെടുക്കാം. അത്രയെയുള്ളൂ.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ശ്രീ. എം. സ്വരാജ്കൂൾപ്പെടെ ചോദിച്ച കാര്യമാണ്. കൺസഷന്റെ കാര്യത്തിൽ, സ്കൂൾ ബസ് ഇല്ലാത്ത ഇടങ്ങളിലേക്ക് സഞ്ചരിക്കുന്ന ഏറ്റവും പാവപ്പെട്ട വിദ്യാർത്ഥികളാണ് കൺസഷന്റെ പ്രശ്നം നേരിടുന്നത്. പഠനത്തിനായി ചിലപ്പോൾ ദൂരേ പോകേണ്ടിവരും. JnNURM-ന്റെ സാധാരണ ബസുകളിൽ കൺസഷന്റെ പ്രശ്നമുണ്ട്. എന്റെ മണ്ഡലത്തിലെ ഗൗരവമായ പ്രശ്നമാണത്. വിദ്യാർത്ഥികളുടെ സമയത്ത് ഇവിടെ പറയുന്നതുപോലെ ചില ബസുകൾ വെട്ടിക്കുറച്ചതിനാൽ അവർക്ക് യഥാസമയം പോകുവാൻ പറ്റാത്തതിനാൽ രണ്ടും മൂന്നും വിദ്യാർത്ഥികൾ ചേർന്ന് ബൈക്കിൽ പോകുന്നത് ധാരാളം അപകടങ്ങൾ വരുത്തി വയ്ക്കുന്നുണ്ട്. റോഡിലെ ട്രാഫിക്കിനും പ്രശ്നമാകുന്നുണ്ട്. അതിനാൽ ബസുകൾ പിൻവലിക്കുമ്പോഴും ബസിന്റെ റൂട്ടുകൾ കുറയ്ക്കുമ്പോഴും...., പ്രത്യേകിച്ച് പ്രൈവറ്റ് ബസുകൾ ഓടുന്നിടത്ത് കെ.എസ്.ആർ.ടി.സി. വരുമ്പോൾ സംഭവിക്കുന്നത് പ്രൈവറ്റ് ബസുകൾ സർവ്വീസ് നിർത്തും. അപ്പോൾ കുട്ടികൾക്ക് കൂടുതൽ പ്രശ്നമാകും. അത് അനേകം ബൈക്കുകൾ ഇറങ്ങുന്നതിനും അപകടങ്ങൾ കൂടുന്നതിനും കാരണമാകും. ബസുകൾ പിൻവലിക്കുമ്പോൾ എം.എൽ.എ.-മാരുമായി

ആലോചിച്ചാൽ, കെ.എസ്.ആർ.ടി.സി.-ക്ക് ഏതെങ്കിലും നഷ്ടം വന്നാൽ എം.എൽ.എ. ഫണ്ടുപോലും ക്യാബിനറ്റ് തീരുമാനം ഉണ്ടെങ്കിൽ അതിനായി ഉപയോഗിക്കാം. പക്ഷെ ഏറ്റവും പാവപ്പെട്ട ആളുകളുടെ യാത്ര ഇതുകാരണം തടസ്സപ്പെടുന്നതും ആശങ്കയിലാകുന്നതും ഒരു പൊതു സംവിധാനത്തിന് തന്നെ നല്ലതല്ല. അതിനാൽ JNNURM ബസുകളിലെ കൺസഷന്റെ പ്രശ്നവും കുട്ടികൾക്ക് സമയത്തിന് കോളേജുകളിലും സ്കൂളുകളിലും എത്താനുള്ള പ്രശ്നവും പരിശോധിച്ച് പരിഹരിക്കുന്നതിന് സംവിധാനം ഉണ്ടാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കാൻ തുടങ്ങിയ കാലം മുതൽ ഈ സമയംവരേയും ഓർഡിനറി സർവ്വീസുകളിലും ലിമിറ്റഡ് സ്റ്റോപ് ഓർഡിനറി സർവ്വീസുകളിലുമാണ് കൺസഷൻ അനുവദിച്ചുകൊണ്ടിരുന്നത്. അങ്ങനെയൊരു പുതിയ കാര്യം ഈ സർക്കാരോ ഞാനോ ഏർപ്പെടുത്തിയതല്ല. മറ്റ് ശ്രേണികളിലുള്ള ബസുകളിൽ കൺസഷൻ അനുവദിക്കുന്നില്ല. അതാണ് നിലവിലുള്ള നിയമം. എന്നാൽ ഒരു പ്രദേശത്തേക്ക് മാത്രമായി JNNURM ബസുകളിൽ കൊടുക്കുകയാണെങ്കിൽ എല്ലാ പ്രദേശങ്ങളിലെ JNNURM ബസുകളിലും കൊടുക്കണം. ഫാസ്റ്റ് പാസഞ്ചറിൽ കൊടുക്കുകയാണെങ്കിൽ കേരളത്തിലെ എല്ലാ ഫാസ്റ്റ് പാസഞ്ചർ

ബസുകളിലും കൊടുക്കണം. ആ ശ്രേണീമാറ്റമെന്നത് നമുക്കാലോചിച്ച് ഒറ്റവാക്കിൽ ഉത്തരം പറയുവാൻ കഴിയുന്നൊരു കാര്യമല്ല. അതിനാൽ ശ്രേണീമാറ്റം ഇപ്പോൾ ആലോചിക്കുവാൻ കഴിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സർവ്വീസ് cancel ചെയ്യുന്ന സമയത്ത് പരമാവധി ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് വേണം അത് ചെയ്യാനെന്നുള്ളത് നല്ല നിർദ്ദേശമാണ്.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, കേരളത്തിന്റെ വടക്കേ അറ്റത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ കുറവാണല്ലോ? പ്രത്യേകിച്ച്, ചന്ദ്രഗിരിപ്പുഴയുടെ വടക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അംഗുലീ പരിമിതമാണ്. അതുകൊണ്ടുതന്നെ കാസർഗോഡ് ജില്ലയിൽനിന്നും ആയിരക്കണക്കിന് കുട്ടികൾ മംഗലാപുരത്തെ വിവിധ സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. അവിടെ വർഷത്തിൽ ആയിരം രൂപ അടച്ചാൽ കർണ്ണാടക ഗവൺമെന്റിന്റെ ബസിൽ കുട്ടികൾക്ക് പാസ് കൊടുക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ കെ.എസ്.ആർ.ടി.സി. ബസിൽ ആ ഒരു ആനുകൂല്യമില്ല. ഗഡിനാട് കന്നഡിൽ, മാതാപിതാക്കളിൽ ആരെങ്കിലും കന്നഡക്കാരാണെന്ന തഹസിൽദാർ സർട്ടിഫിക്കറ്റ് കൊടുത്താൽ ആ കുട്ടികൾക്ക് കർണ്ണാടക

ബസിൽ ആനുകൂല്യം കിട്ടുന്നുണ്ട്. പക്ഷേ, രാവിലെ കോളേജിൽ പോകുന്ന സമയത്തും വൈകുന്നേരം കോളേജ് വിടുന്ന സമയത്തും യഥാർത്ഥത്തിൽ കർണ്ണാടക ബസ് ലഭ്യമല്ല, കെ.എസ്.ആർ.ടി.സി. ബസാണ് ലഭ്യമായിട്ടുള്ളത്. അതുകൊണ്ട് കർണ്ണാടക ഗവൺമെന്റ് വിദ്യാർത്ഥികളോട് കാണിക്കുന്ന ആനുകൂല്യമെങ്കിലും കെ.എസ്.ആർ.ടി.സി.-യിൽ അങ്ങേയ്ക്ക് നൽകാൻ പറ്റുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് പറഞ്ഞതിൽ ഒരു വ്യത്യാസമുള്ളത്, കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കർണ്ണാടകക്കാരായ വിദ്യാർത്ഥികൾക്ക് യാത്രാ കൺസഷൻ കൊടുക്കുന്നുവെന്നാണ്. അവിടെ പഠിക്കുന്ന നമ്മുടെ കുട്ടികൾക്ക് ഈ രൂപത്തിൽ കൺസഷൻ വേണമെന്നാണ് നമ്മൾ ആവശ്യപ്പെടേണ്ടത്. പ്രശ്നം അതല്ല. മറ്റ് സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികളെക്കൂടി കൺസഷന്റെ പരിധിയിൽ ഉൾപ്പെടുത്തണമോ വേണ്ടയോ എന്നതാണ് പ്രശ്നം. ആലോചിക്കാതെ ഇതേപ്പറ്റി പറയാൻ കഴിയില്ല.

ശ്രീ. കെ. ബാബു: സർ, നെല്ലിയാമ്പതിയിൽനിന്ന് വിദ്യാർത്ഥികൾക്ക് താഴെവന്ന് പഠിക്കാൻ മുപ്പത് മുതൽ അറുപത് കിലോമീറ്റർ വരെ സഞ്ചരിക്കണം. അറുപത് മുതൽ നൂറ് കിലോമീറ്റർ ദൂരം യാത്ര ചെയ്തുവേണം

പറമ്പിക്കുളം ആദിവാസി ഊരുകളിൽനിന്നുൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് അവരുടെ പ്ലസ് ടു മുതലുള്ള ഉപരിപഠനത്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ. അങ്ങനെ രണ്ട് ഹൈറേഞ്ചുകളിൽനിന്നുള്ള വിദ്യാർത്ഥികൾ പഠനാവശ്യമായി യാത്ര ചെയ്യുമ്പോൾ ആ വിദ്യാർത്ഥികൾക്ക് സൗജന്യമായി അല്ലെങ്കിൽ കൺസഷൻ നിരക്കിൽ യാത്രാസൗകര്യം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. ഒരുപാട് ചോദ്യങ്ങൾ വന്നപ്പോൾ അതേപ്പറ്റി പറയാൻ ഞാൻ വിട്ടുപോയതാണ്. ആദിവാസി ഊരുകൾ പോലുള്ള മേഖലകളിൽ അടുത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകുകയില്ല. അവർക്ക്, താങ്കൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, നാൽപ്പത്തിയാറും നാൽപ്പത്തിയേഴും കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽമാത്രമെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഭ്യമാകുകയുള്ളൂ. പരിശോധിക്കേണ്ട ഒരു പ്രശ്നമാണിത്. അനുഭാവപൂർവ്വം ഈ കാര്യം പരിഗണിക്കുന്നതാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, കെ.എസ്.ആർ.ടി.സി. കംഫർട്ട് സ്റ്റേഷനുകളിൽ വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ള സ്ത്രീ യാത്രക്കാരുടെ

ടോയ്‌ലറ്റുകളുടെ അവസ്ഥ അതിദയനീയമാണ്. വ്യക്തി ശുചിത്വത്തിന്റെ കാര്യത്തിൽ മലയാളികൾ വളരെ മുന്നിലാണ്. പക്ഷേ ഇതുപോലെ പൊതുസ്ഥലത്തെ ടോയ്‌ലറ്റുകളുടെ അവസ്ഥ നേരെയാക്കേണ്ടതുണ്ട്. അതിനായി മിനിമം വൃത്തിയുണ്ടാക്കാനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നമുക്കാർക്കും അഭിമാനിക്കാൻ കഴിയുന്ന ഒരു രീതിയിലല്ല നമ്മുടെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ ശുചിമുറികൾ പ്രവർത്തിക്കുന്നത്. അതിന്റെ നവീകരണം ലക്ഷ്യമാക്കിക്കൊണ്ട് നാൽപ്പത്തിയൊന്ന് കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ ഐഡന്റിഫൈ ചെയ്ത് ഇത്തരത്തിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആ പദ്ധതിക്ക് അംഗീകാരം കിട്ടണമെങ്കിലും എല്ലാവർക്കും അറിയാവുന്നതുപോലെ, ഒരു അൽപ്പം സാമ്പത്തിക സഹായം കിട്ടിയാൽ മാത്രമേ സാധിക്കൂ. അത് ഗവൺമെന്റിന്റെ മുമ്പിൽ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. തീർച്ചയായും അംഗീകാരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശരിയായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്.

ശ്രീ. മാത്യു ടി. തോമസ്: സർ, കെ.എസ്.ആർ.ടി.സി.-യിൽ ഇന്നുള്ള

രൂക്ഷമായ പ്രതിസന്ധി ഇന്നും ഇന്നലെയും രൂപപ്പെട്ടതല്ല. വർഷങ്ങളായി പണം കടമെടുക്കുകയും മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനായി വീണ്ടും കടമെടുക്കുന്ന അവസ്ഥ തുടങ്ങിയിട്ട് വർഷങ്ങളായി. സർവ്വീസ് ഇതര ചെലവുകളാണ് ഇതിന്റെ മൂലകാരണം. കുറച്ചുനാൾ ഞാൻ ഈ വകുപ്പ് കൈകാര്യം ചെയ്തതുകൊണ്ടാണ് പറയുന്നത്. സർവ്വീസ് ഇതര ചെലവുകൾ ആണ് കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിലാക്കിയതെന്ന് മനസ്സിലാക്കുമ്പോൾ, സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നത് ഇതിനൊരു പ്രശ്നപരിഹാരമല്ല. സർവ്വീസുകൾ പരമാവധി നടത്തി വരുമാനം വർദ്ധിപ്പിക്കുകയും സർവ്വീസ് ഇതര ചെലവുകൾക്ക് സർവ്വീസ് ഇതര വരുമാനം ലക്ഷ്യമിട്ടുള്ള പദ്ധതികളും ആവശ്യമാണ്. 2006-ലെ ഗവൺമെന്റിന്റെ കാലത്ത് എല്ലാ ഡിപ്പോകളിലും മാസംതോറും എം.എൽ.എ.-മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് monthly review നടത്താനുള്ള ഒരു ഉത്തരവുണ്ടായിരുന്നു, അത് നടപ്പാക്കിക്കൊണ്ടിരുന്നു. പക്ഷേ ഇപ്പോൾ അത്തരം യോഗങ്ങൾ ചേരുന്നില്ല. ഈയടുത്ത സമയത്ത് കെ.എസ്.ആർ.ടി.സി.-യിലെ ഉന്നത ഉദ്യോഗസ്ഥനെ വിളിച്ചപ്പോൾ അദ്ദേഹത്തിന് ഇങ്ങനെ ഒരു ഉത്തരവ് നിലവിലുള്ളതായി അറിയുകപോലുമില്ല എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട

അംഗങ്ങൾ പല ആവലാതികളും ഉന്നയിക്കുന്നുണ്ട്. അതൊന്നും അങ്ങയോടുള്ള വിമർശനമായി കാണേണ്ട. അത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഡിപ്പോ തലത്തിൽത്തന്നെ സംവിധാനമൊരുക്കുന്നതിന് monthly review മീറ്റിംഗുകൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം തന്റെ അനുഭവത്തിൽനിന്നും പരിചയത്തിൽനിന്നും പറഞ്ഞിട്ടുള്ള കാര്യമാണ്. ഇപ്പോഴും അങ്ങനെ ഒരു യോഗം വിളിച്ചുകൂട്ടാനുള്ള നിർദ്ദേശം നിലവിലുണ്ട് എന്ന് പല എം.എൽ.എ.-മാർക്കും ഡിപ്പോയിലെ ഉദ്യോഗസ്ഥർക്കും അറിയില്ല. .....(ബഹളം).....

മി. സ്പീക്കർ: യെസ്.....മന്ത്രി പറയട്ടെ. മിനിസ്റ്റർ, അങ്ങ് സംസാരിക്കൂ....

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ദയവായി പറയുന്നത് കേൾക്കൂ. അങ്ങനെ രോഷാകുലരായിട്ടൊന്നും കാര്യമില്ല. ആ ഉത്തരം ഞാൻ പറഞ്ഞുതീർന്നില്ലല്ലോ.

മി. സ്പീക്കർ: അങ്ങ് ഇങ്ങോട്ട് പറയൂ....അങ്ങ് ചെയറിനോട് പറയൂ.....

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതുസംബന്ധിച്ച അവ്യക്തത നീക്കാൻ എല്ലാ എം.എൽ.എ.-മാർക്കും ഡിപ്പോ മാനേജർമാർക്കും ഇതിനനുസരിച്ചുള്ള സർക്കുലർ അടിയന്തരമായി ഇറക്കാം എന്നാണ് ഞാൻ പറയുന്നത്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, കൺസഷനുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്യുകൊണ്ടിരിക്കുന്നത്. എന്നാൽ, പല കോളേജുകളിലെയും സ്കൂളുകളിലെയും കുട്ടികളിൽ ചിലർക്ക് കൺസഷൻ കൊടുക്കുന്നുണ്ട്, ചിലർക്ക് കൊടുക്കുന്നില്ല എന്ന സ്ഥിതിയാണ്. എന്റെ മണ്ഡലത്തിലെ പല സ്കൂളുകളിലെയും കോളേജുകളിലെയും കുട്ടികൾക്ക് കൊടുക്കുന്നില്ല, എന്നാൽ ചില സ്ഥലങ്ങളിൽ മാത്രം കൊടുക്കുന്നുണ്ട്. ഇത് അവിടത്തെ മാനേജിംഗ് ഡയറക്ടർ അടക്കമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ചിറ്റമ്മനയമായിട്ടാണ് ഞാൻ കാണുന്നത്. അടൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിലെ കുട്ടികൾ ഇതുമായി ബന്ധപ്പെട്ട് രണ്ടോ മൂന്നോ പ്രാവശ്യം എന്റെ കത്ത് വച്ച് അപേക്ഷ കൊടുത്തിട്ടും ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് കൺസഷൻ ആർക്കൊക്കെ കൊടുക്കണം, എങ്ങനെ കൊടുക്കണം എന്നതുസംബന്ധിച്ച് ഒരു പൊതുവായ മാനദണ്ഡം ഉണ്ടാകണം. ചിലർക്ക് കൊടുക്കാം, ചിലർക്ക് കൊടുക്കാൻ പാടില്ല എന്ന സമീപനം സ്വീകരിക്കാൻ പാടില്ല. അതുകൊണ്ട്, അടൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിലേതുൾപ്പെടെ, അടൂർ മണ്ഡലത്തിൽ ഇത്തരത്തിൽ കൺസഷൻ ആവശ്യമുള്ള കുട്ടികൾക്ക് അത് കൊടുക്കാനുള്ള നടപടികൾ

അടിയന്തരമായി സ്വീകരിക്കണം. അതോടൊപ്പംതന്നെ എന്റെ മണ്ഡലത്തിലെ, ഇവിടെ ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ. പറഞ്ഞ രണ്ട് ഡിപ്പോകൾ അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയും പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററുമാണ്. അവിടെ രണ്ടിടത്തും ദീർഘദൂര സർവ്വീസുകളടക്കമുള്ള നിരവധി സർവ്വീസുകൾ വെട്ടിക്കുറച്ചിരിക്കുകയാണ്. പ്രായോഗികമായി സർവ്വീസുകൾ നിർത്തലാക്കി ഇതിലെ വിഷയം പരിഹരിച്ചാൽ ജനകീയമായ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകും. അടൂർ-മണിപ്പാൽ സർവ്വീസും അടൂർ-ഉദയഗിരി സർവ്വീസും നിർത്തലാക്കിയിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ഈ വിഷയം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. മാനേജ്മെന്റും അവിടത്തെ എ.ടി.ഒ.-യും മറ്റ് ഉദ്യോഗസ്ഥന്മാരും പറയുന്നതനുസരിച്ചുള്ള നടപടികളുമായി ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുപോകുകയാണ്. അങ്ങനെ ചെയ്യാതെ, നിയമസഭാ സാമാജികർ അവിടത്തെ ജനങ്ങൾ പറയുന്ന വിഷയങ്ങൾകൂടി മനസ്സിലാക്കി പ്രായോഗികമായ സമീപനം സ്വീകരിച്ചുകൊണ്ട് ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കൺസഷൻ നൽകുന്ന കാര്യത്തിൽ ഒരേ വിദ്യാലയത്തിലെ വിദ്യാർത്ഥികളോട് രണ്ട് തരത്തിൽ പെരുമാറുന്നുണ്ടെങ്കിൽ അത് തെറ്റാണ്. അങ്ങനെയുള്ള തെറ്റുകൾ ചെയ്യുന്നുണ്ടെങ്കിൽ അത് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വീസുകൾ നിർത്തലാക്കിക്കൊണ്ട് മാത്രം കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കാൻ കഴിയില്ല എന്ന കാര്യം ബഹുമാനപ്പെട്ട മാത്യു ടി. തോമസാണ് ഇവിടെ അവതരിപ്പിച്ചത്. അതൊരു ശരിയായ കാര്യമാണ്. എന്നാൽ ചില ഘട്ടത്തിൽ, ഡ്രൈവർമാരുടെ അഭാവത്തിലും മറ്റും സർവ്വീസ് കട്ട് ചെയ്യുകയല്ലാതെ വെറെന്താണ് പോംവഴി? ബസുകൾ റിപ്പെയർ ചെയ്ത് ഡോക്കിൽനിന്നും പുറത്തിറക്കാൻ കഴിയാതെ വന്നാലും സർവ്വീസ് കട്ട് ചെയ്യുകയല്ലാതെ വേറെ പോംവഴിയില്ല. പ്രതിസന്ധിയുടെ ആഴത്തെക്കുറിച്ച് ചിന്തിക്കാതെ, ഒരു സർവ്വീസ് വെട്ടിച്ചുരുക്കി എന്നത് ഒരു പ്രതിഷേധകാര്യമായി ഉയർത്തിക്കൊണ്ടുവരാൻ, സ്വാഭാവികമായും മെമ്പർമാർ അവരുടെ മണ്ഡലത്തിലെ പ്രശ്നമാണ് പറയുന്നത്. അതുകൊണ്ടാണ് ആ കാര്യത്തിൽ ഞാൻ ശക്തിയില്ലാതെ വർത്തമാനം പറയുന്നത്. മെമ്പർമാർ ഉന്നയിക്കുന്നത് അവിടത്തെ പ്രശ്നമാണ്. ആ പ്രശ്നം എനിക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷേ

കെ.എസ്.ആർ.ടി.സി.-യുടെ നിസ്സഹായാവസ്ഥയും സാമ്പത്തിക സ്ഥിതിയെയും കുറിച്ച് ഒരു ധാരണയുമില്ലാതെ പ്രതിക്കൂട്ടിൽ നിർത്തുന്ന ഒരു നിലപാടിനോട് മാത്രമാണ് നമ്മൾ അങ്ങനെ പോരാ എന്ന് ഞാൻ അഭ്യർത്ഥിച്ചത്. കുറച്ചുകൂടി പ്രതിസന്ധിയുടെ ആഴം മനസ്സിലാക്കിക്കൊണ്ട് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതായിരിക്കും നല്ലത്. ഒരു പ്രത്യേക സർവ്വീസിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അടൂർ എം.എൽ.എ. ഇവിടെ പറഞ്ഞത്. അതിന്റെ വരുമാന ഷീറ്റ് മുഴുവനും അദ്ദേഹത്തിന് കാണിച്ചുകൊടുത്തു. കഴിഞ്ഞ മൂന്ന് മാസമായി എത്രയാണ് വരുമാനം എന്ന് കാണിച്ചുകൊടുത്തു. .....(ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.....അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കരുത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, രോഷാകുലനായി അങ്ങനെയൊക്കെ പറയാം. പക്ഷേ, ഇവിടെ നോക്കുന്നത് രേഖയാണ്, വരുമാന ഷീറ്റാണ്. മൂന്ന് മാസത്തെ കളക്ഷൻ ഷീറ്റെടുത്തുനോക്കിയിട്ട് ഇത്രയേ കളക്ഷൻ ഉള്ളൂ എന്ന് പറഞ്ഞാൽ, അത് അവിടത്തെ ഡി.ടി.ഒ.-യുടെയും എ.ടി.ഒ.-യുടെയും കുറ്റമാണ് എന്നുപറഞ്ഞാൽ എന്താണ് അർത്ഥം? അങ്ങയുടെ കൈയിൽ വരുമാന ഷീറ്റില്ലല്ലോ. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിച്ച് അവസാനിപ്പിക്കൂ.....

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഉദ്യോഗസ്ഥർ തെറ്റായാണ് കാര്യങ്ങൾ ചെയ്യുന്നതെങ്കിൽ..... അവിടെ ഈ മാസംതന്നെ റിവ്യൂ യോഗം നടത്താനുള്ള..... സാമ്പത്തിക പ്രതിസന്ധിമൂലമാണ് സർവ്വീസുകൾ നിർത്തിയതെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമല്ല. സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാനുള്ള കാര്യങ്ങൾ ആലോചിച്ചിട്ടേ കാര്യമുള്ളൂ. കാശില്ലാത്തതിന് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

**കാർഷിക മേഖലയുടെ പുനരുദ്ധാരണം**

2 (*272) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് പ്രഖ്യാപിച്ചിട്ടുള്ള ആയിരത്തി ഇരുന്നൂറ് കോടി രൂപയുടെ സമഗ്ര പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് കാർഷിക കടത്തിന്റെ മൊറട്ടോറിയം തീയതി നീട്ടിയിരുന്നോയെന്നറിയിക്കാമോ; പ്രളയം കടക്കെണിയിലാഴ്ത്തിയ കർഷകരുടെ സംരക്ഷണത്തിന് പ്രത്യേക കാർഷിക കടാശ്വാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാർഷിക രംഗത്തെ ഉല്പാദനം, സംഭരണം, വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര നേട്ടങ്ങൾ ഉപയോഗപ്പെടുത്തി ആധുനീകരണം വഴി കൃഷി ആദായകരമാക്കിത്തീർക്കുന്നതിന് പരിപാടിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ആയിരത്തി ഇരുന്നൂറ് കോടി രൂപയുടെ സമഗ്ര പദ്ധതി പ്രത്യേകമായി പ്രഖ്യാപിച്ചിട്ടില്ലായെങ്കിലും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വാർഷിക പദ്ധതികൾക്കുപുറമെ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി, കൃഷി വകുപ്പും അനുബന്ധ

സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവയുൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2018-ലെ പ്രളയത്തിനോടനുബന്ധിച്ച്, നിശ്ചിത സമയത്തിനുള്ളിൽ പുനഃക്രമീകരിക്കപ്പെട്ട കാർഷിക ലോണുകളുടെ മൊറട്ടോറിയം കാലാവധി 07-08-2019-നകൂടിയ എസ്.എൽ.ബി.സി.യുടെ സബ് കമ്മിറ്റി 31-12-2019 വരെ നീട്ടി നൽകിയിട്ടുണ്ട്. 2019-ലെ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ

03-09-2019-നകൂടിയ പ്രത്യേക എസ്.എൽ.ബി.സി. യോഗ തീരുമാനപ്രകാരം പ്രളയബാധിത വില്ലേജുകളായി സർക്കാർ പ്രഖ്യാപിച്ച സ്ഥലങ്ങളിലെ കർഷകർ എടുത്തിട്ടുള്ള വിള വായ്പകൾക്ക് 23-08-2019 മുതൽ ഒരു വർഷം വരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകിവന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റെല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അമ്പതിനായിരം രൂപയ്ക്കുമേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ 2019 നവംബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ശാസ്ത്ര-സാങ്കേതിക ശാസ്ത്ര നേട്ടങ്ങൾ ഉപയോഗപ്പെടുത്തി സംഭരണ, വിതരണ മേഖലകളിൽ ആധുനീകരണം വഴി കൃഷി

ആദായകരമാക്കിത്തീർക്കുന്നതിന് സാധിക്കും. നൂതന കൃഷി രീതികളുടെ പ്രയോഗം, മഴമറയിലുള്ള പച്ചക്കറി കൃഷി, കൃത്യതാ കൃഷി, ഫെർട്ടിഗേഷനോടുകൂടിയ സൂക്ഷ്മ ജലസേചനം ഉപയോഗിച്ചുള്ള കൃഷി എന്നിവ ഉൾപ്പെടുന്ന ഹൈടെക് കൃഷി, പൂക്കളുടെ കൃഷി, ജൈവ കൃഷി, ഉത്തമ കാർഷിക മുറകൾ അവലംബിച്ചുള്ള കൃഷി എന്നിവ വ്യാപിപ്പിക്കുന്ന പദ്ധതികളും കാർഷിക മേഖലയിൽ യന്ത്രവത്ക്കരണവും നടപ്പിലാക്കി വരുന്നു. പച്ചക്കറി-പഴം സംഭരണത്തിനും വിതരണത്തിനുമായി റീഫർ വാനുകൾ ഉപയോഗിക്കുന്ന രീതി കൂടുതൽ വ്യാപകമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. നൂതന കൃഷി രീതികളെക്കുറിച്ചും സംഭരണ വിപണന രീതികളെക്കുറിച്ചും കർഷകർക്ക് അറിവ് നൽകുന്നതിന് കൃഷി വകുപ്പിന്റെ വിജ്ഞാനവ്യാപന വിഭാഗവും പരിശീലന വിഭാഗവും നേതൃത്വം നൽകുന്നു.

റീ ബിൽഡ് ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കൃഷി വകുപ്പും മറ്റ് അനുബന്ധ സ്ഥാപനങ്ങളും മുഖേന ആധുനിക മാർഗ്ഗങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപയോഗിച്ച് കേരളത്തിലെ പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും ശീതീകരിച്ച വിപണന ശൃംഖല രൂപീകരിക്കുന്നതിനുള്ള പ്രോജക്ടും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കുപുറമെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി.), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (എസ്.എച്ച്.എം.) എന്നീ ഏജൻസികൾ മുഖേനയും പദ്ധതികൾ നടപ്പിലാക്കുന്നു.

(ഡി) ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടില്ല. എന്നാൽ സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം 2019-20 എന്ന പദ്ധതിയിൽ ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ കുരുമുളക് കൃഷി വ്യാപനം, പ്രദർശനത്തോട്ടം സജ്ജമാക്കൽ, സെക്കണ്ടറി/സൂക്ഷ്മ മൂലകങ്ങൾ, കുമ്മായം എന്നിവയുടെ വിതരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, കുരുമുളക് സമിതി പുനരുജ്ജീവനം തുടങ്ങിയ പദ്ധതി ഘടകങ്ങൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വയനാട് ജില്ലയുടെ കുരുമുളക് വികസനത്തിനും ജല-മണ്ണ് സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷം 1700 ലക്ഷം രൂപ വയനാട് പാക്കേജ് പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കുരുമുളക് കൃഷിയുടെ വികസനത്തിനായി വിവിധ ഘടകങ്ങളിലായി കർഷകർക്ക് ധനസഹായം

നൽകിവരുന്നു. നിലവിലുള്ള കുരുമുളകുകൾക്ക് പുതിയ താങ്ങുമരങ്ങൾ വച്ചുപിടിപ്പിക്കൽ, കുരുമുളക് കൃഷി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ സമഗ്ര വികസനം, ദ്രുതവാട്ടത്തിനെതിരെ സംയോജിത കീടനിയന്ത്രണം, വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ സ്ഥാപിക്കൽ, സെക്കണ്ടറി/സൂക്ഷ്മ മൂലകങ്ങൾ/ ജൈവ കീടനാശിനികളുടെ വിതരണം, മാതൃതോട്ടങ്ങളുടെ സംരക്ഷണം, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ, പുതിയ ടെക്നോളജിയുടെ ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനുകൾ, കുരുമുളക് സമിതിയുടെ ശാക്തീകരണം, പ്രവർത്തന ചെലവുകൾ എന്നിവ നടപ്പിലാക്കുന്നതിനായി പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.

കാർഷികമേഖലയുടെ പുനരുദ്ധാരണത്തിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് സമർപ്പിച്ചിട്ടുള്ള 35 പദ്ധതികളുടെ ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുന്നു+.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, തുടർപ്രളയവും തുടർമഴയും കേരളത്തിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് വലിയ വെല്ലുവിളി തീർക്കുന്നുണ്ട്. ഡിസംബർ മാസത്തിൽ നെൽപ്പാടങ്ങൾ കതിരണിയേണ്ട സമയമാണ്. എന്നാൽ പല

+ അനുബന്ധമായി ചേർക്കുന്നു

പാടശേഖരങ്ങളിലും കൃഷിയിറക്കാൻ സാധിച്ചിട്ടില്ല. തുടർമഴയ്ക്കുശേഷം വെയിലുദിക്കുമ്പോൾ കുരുമുളക്, കവുങ്ങ്, കാപ്പി തുടങ്ങിയവയുടെ കായ്കൾ കൊഴിഞ്ഞുപോകുന്ന സ്ഥിതിയുണ്ട്. 2019-ലെ പ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഏതൊക്കെ തലങ്ങളിലാണ് നഷ്ടമുണ്ടായതെന്ന് വിശദമാക്കാമോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, 2018-ലെയും 2019-ലെയും പ്രളയവുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള കാർഷിക നഷ്ടമുണ്ടായിട്ടുണ്ട്. 2018-ലെ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ 23600649.5 ഹെക്ടർ സ്ഥലത്ത് കൃഷിനാശമുണ്ടായെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 2018-ലെ പ്രളയത്തെത്തുടർന്ന് വൻനഷ്ടമാണ് കാർഷിക മേഖലയിലുണ്ടായിട്ടുള്ളത്. കാർഷികമേഖലയിൽ മാത്രമായി 19001.84 കോടി രൂപയുടെ നഷ്ടമുണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ 18545.25 ലക്ഷം രൂപയുടെ വിളനഷ്ടം സംഭവിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തെത്തുടർന്ന് കൃഷിക്കാർക്ക് ധനസഹായമായി, എസ്.ഡി.ആർ. ഫണ്ടിൽനിന്നും 146.19 കോടി രൂപയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്ന് 165.5 കോടി

രൂപയും വിതരണം ചെയ്തിട്ടുണ്ട്. സി.എം.ഡി.ആർ.എഫ്.-ൽനിന്നുള്ള 54 കോടി രൂപയും ഇതിലുൾപ്പെടും. 2019 -ലുണ്ടായ പ്രളയത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്. സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി ആകെ 93225.2 ഹെക്ടർ സ്ഥലത്ത് കൃഷിനാശമുണ്ടായി. ആകെ 1669.92 കോടി രൂപയുടെ നഷ്ടമുണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 41 കോടി രൂപ അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്. 2019-20-ലെ വേനൽ കൃഷിനാശത്തിനും വേനൽ മഴയിലുണ്ടായ നാശനഷ്ടത്തിനുമായി 17 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. 2019-20-ലെ പ്രളയവുമായി ബന്ധപ്പെട്ട് എസ്.ഡി.ആർ.എഫ്. ഷെയർ 7.4 കോടി രൂപയും സ്റ്റേറ്റ് ഷെയർ 27.03 കോടി രൂപയും ഉൾപ്പെടെ ആകെ 34.43 കോടി രൂപയാണ് നൽകാനുള്ളത്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, കാലാവസ്ഥാവ്യതിയാനം സംബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങളെയൊക്കെ അതിജീവിച്ച് കർഷകർ ഇപ്പോൾ കൃഷിയിറക്കിയാലും, പ്രത്യേകിച്ച് മലയോര മേഖലയായ പത്തനംതിട്ട ജില്ലയുൾപ്പെടെ ഏതാണ്ട് 5 മണ്ഡലങ്ങളിലും കർഷകർ നേരിടുന്ന ഏറ്റവും

വലിയ പ്രശ്നം കാട്ടുപന്നിയുടെ ശല്യം തന്നെയാണ്. കപ്പ, ചേന, ചേമ്പ്, കാച്ചിൽ വാഴ, അങ്ങനെയുള്ള എല്ലാ വിളകളും അതുമാത്രമല്ല, ഒരു കറിവേപ്പ് നട്ടാൽപ്പോലും കാട്ടുപന്നി വന്ന് കുത്തിയിളക്കുന്ന സ്ഥിതിയുണ്ട്. ഇതിൽ നിന്നും കർഷകർക്കും കൃഷിക്കും ഒരു സംരക്ഷണം അനിവാര്യമാണ്. നിലവിലുള്ള നിയമങ്ങളിലെ വ്യവസ്ഥകളിൽ മാറ്റമുണ്ടാകണം. കാട്ടുപന്നിക്കെതിരെ കർഷകരുടെ സംരക്ഷണത്തിന് അനുകൂലമായിട്ടുള്ള ഒരു നടപടിയുണ്ടാകണം.

മി. സ്പീക്കർ: ചോദ്യം ചോദിക്കുന്നത് ഉത്തരം പറയുന്ന ബഹുമാനപ്പെട്ട മന്ത്രിടെ താല്പര്യംകൂടി നോക്കിയാണോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, തീർച്ചയായും. കർഷകരുമായി ബന്ധപ്പെട്ട വലിയ പ്രശ്നങ്ങളിൽ ഒന്നാണിത്. അതുകൊണ്ട് അതിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടണം.

മി. സ്പീക്കർ: അദ്ദേഹം ഈ സഭയിൽ ധാരാളം പറഞ്ഞിട്ടുള്ള കാര്യമാണിത്. അങ്ങ് പറയൂ.

ശ്രീ. കെ. രാജു: സർ, പത്തനംതിട്ട ജില്ല പോലുള്ള മലയോര മേഖലയിലെ കൃഷിക്കാർ പൊതുവെ അനുഭവിക്കുന്ന ഒരു ബുദ്ധിമുട്ടാണ് വന്യജീവികളുടെ ആക്രമണം. പ്രത്യേകിച്ച് പന്നി, കുരങ്ങ്, മയിൽ,

തുടങ്ങിയവയെല്ലാം വൻതോതിൽ കൃഷിനാശം വരുത്തുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇപ്പോൾ വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ചുവരികയാണ്. 10 ജില്ലകളിലെ അദാലത്തുകൾ കഴിഞ്ഞു. അദാലത്തുകളിൽ മുഖ്യമായി ഉയർന്നുവന്ന പരാതി കൃഷിനാശവുമായി ബന്ധപ്പെട്ടതാണ്. ആ കൃഷിനാശവുമായി ബന്ധപ്പെട്ടുള്ള നഷ്ടപരിഹാരം മാത്രമല്ല, വന്യജീവികളുടെ ആക്രമണംമൂലം മനുഷ്യർക്കും മറ്റും ഉണ്ടാകുന്ന പരിക്കുകൾക്കുള്ള ചികിത്സാസഹായമടക്കം അദാലത്തുകൾ സംഘടിപ്പിച്ചുവഴി കൃത്യമായി വിതരണം ചെയ്യാൻ വനം വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇപ്പോൾ കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായി വന്നിട്ടുള്ള സാഹചര്യമുണ്ട്. എന്റെ മുൻഗാമി ശ്രീ. കെ. ബി. ഗണേഷ് കുമാർ മന്ത്രിയായിരുന്ന സമയത്ത് പന്നിയുടെ എണ്ണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഉത്തരവിറക്കിയിരുന്നു. എന്നാൽ അതിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് കണ്ട് അത് കുറച്ചുകൂടി ലഘൂകരിച്ച് പന്നിയുടെ എണ്ണം നിയന്ത്രിക്കുന്നതിനാവശ്യമായിട്ടുള്ള ഒരു പുതിയ

ഉത്തരവിറക്കിയിട്ടുണ്ട്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനംവകുപ്പിലെ താഴെത്തട്ടിലെ തോക്ക് കൈകാര്യം ചെയ്യാൻ അറിയാവുന്ന യൂണിഫോമുള്ള ഉദ്യോഗസ്ഥർക്കും പോലീസ് സേനയിലെ ഉദ്യോഗസ്ഥന്മാർക്കും പന്നിയുടെ എണ്ണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് അതിനെ വെടിവയ്ക്കുന്നതിന്,

<u>മി. സ്പീക്കർ</u>: ഇന്നലെ ശ്രീ. രാജു എബ്രഹാം ഒരു വിഷയം ഇവിടെ ഉന്നയിക്കുകയുണ്ടായി. കാട്ടുപന്നി ഗർഭിണിയാണോയെന്ന് മുൻകൂട്ടി പരിശോധിച്ചതിനുശേഷം മാത്രമേ,

<u>ശ്രീ. കെ. രാജു</u>: സർ, ആ നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. അതുപോലെതന്നെ പന്നികൾ കാട്ടിലേയ്ക്ക് തിരിച്ച് ഓടിക്കൊണ്ടിരിക്കുകയാണെങ്കിൽ അതിനെ വെടിവയ്ക്കാൻ പാടില്ലെന്നുള്ള നിബന്ധനകളും മാറ്റി കുറച്ചുകൂടി ലീനിയന്റായിട്ടുള്ള സമീപനം എടുത്തിട്ടുണ്ട്. ഇതിൽ കർഷകർ കൂടി സഹകരിക്കണം. ഇന്ന ഭാഗത്ത് ഇന്ന മേഖലയിൽപ്പെട്ട എന്റെ കൃഷിഭൂമിയിൽ സ്ഥിരമായി പന്നികൾ വരുന്നുണ്ട്. അതുകൊണ്ട് ഫോറസ്റ്റ് ഉദ്യോഗസ്ഥരോ പോലീസ് ഉദ്യോഗസ്ഥരോ ബന്ധപ്പെട്ടവരോ അതിനുള്ള പരിഹാരമുണ്ടാക്കണമെന്നുള്ള രീതിയിൽ ഒരു അപേക്ഷ സമർപ്പിച്ചാൽ ഇവരുടെയും കൂടി സഹായമുണ്ടെങ്കിൽ തീർച്ചയായും പന്നികളുടെ

എണ്ണം നിയന്ത്രിക്കുന്നതിനാവശ്യമായ ഉത്തരവ് നടപ്പിലാക്കാൻ കഴിയും.

ശ്രീ. പി. ഉണ്ണി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക ശിപാർശ ചെയ്തിട്ടുണ്ട്; എത്ര കർഷകർക്ക് അതിന്റെ പ്രയോജനം ലഭ്യമാകും എന്നറിയാമോ?

ശ്രീ. കെ. രാജു: സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ വഴി 75.1 കോടി രൂപയുടെ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. 19,883 കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുമുണ്ട്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, തുടർച്ചയായി ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം വയനാടിന്റെ കാർഷിക സമ്പദ്ഘടനയെ പൂർണ്ണമായും തകർത്തിരിക്കുകയാണ്. ഇതിനുവേണ്ടിയുള്ള ഒരു പ്രത്യേക പാക്കേജ് ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്. എന്റെ ചോദ്യം, വയനാട്, ഇടുക്കി ജില്ലകളിൽ വർഷകാലങ്ങളിൽ കുരുമുളക് കൃഷിയിൽ വ്യാപകമായി കണ്ടുവരുന്ന ദ്രുതവാട്ടം എന്ന കുൺ രോഗത്തിന്റെ പ്രതിരോധപ്രവർത്തനം ലക്ഷ്യമിട്ട് കർഷകർക്ക് സാമ്പത്തികസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, സുഗന്ധവ്യഞ്ജനവിള വികസനപദ്ധതിയിൽ

ഉൾപ്പെടുത്തി കർഷകർ വികസിപ്പിച്ചെടുത്ത കുരുമുളക് ഇനങ്ങളുടെ പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് 10,000/- രൂപ ധനസഹായം നൽകിവരുന്നു. ഇത്തരത്തിൽ പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് 2 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. അതുകൂടാതെ വയനാട് കാർഷിക മേഖലയിലെ പ്രളയാനന്തര മണ്ണ്, ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് പദ്ധതി തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2 കോടി 85 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ കുരുമുളക് കൃഷിയുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിനാവശ്യമായിട്ടുള്ള പ്രത്യേക പദ്ധതി ഇപ്പോൾ തന്നെ കൂടുതൽ മെച്ചപ്പെട്ട നിലയിൽ നടപ്പിലാക്കിവരുന്നുണ്ട്.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.). എന്റെ മണ്ഡലം കൃഷിക്ക് പ്രാധാന്യമുള്ള ഒരു മലയോര പ്രദേശമാണ്. കേരളത്തിൽ എത്ര ബ്ലോക്കുകളിലാണ് ഈ

പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്; എന്റെ മണ്ഡലത്തിനുള്ളിൽവരുന്ന പെരുങ്കടവിള ബ്ലോക്കിൽകൂടി ഈ പദ്ധതി വ്യാപിപ്പിക്കാനാകുമോ?

ശ്രീ. കെ. രാജു: സർ, ഇതിൽ രണ്ട് ഘടകങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒന്ന്, സൂക്ഷ്മ ജലസേചനം (മൈക്രോ ഇറിഗേഷൻ), മറ്റൊന്ന്, ജലസേചന സ്രോതസ്സുകളുടെ വികസനവും ജലസേചന സൗകര്യവും ഒരുക്കൽ. ഈ രണ്ട് ഘടകങ്ങളാണ് പി.എം.കെ.എസ്.വൈ. എന്നുപറയുന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പറുടെ പെരുങ്കടവിള ബ്ലോക്ക് ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എല്ലാ ബ്ലോക്കുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ വയനാട് ജില്ലയിലേത് എടുത്തുപറഞ്ഞതിൽ വളരെ സന്തോഷം. കഴിഞ്ഞവർഷവും ഈ വർഷവും വലിയ പ്രളയമുണ്ടായി. വയനാട്ടിലെ കർഷകർ കൃഷിയിറക്കുമ്പോൾ അവർക്കൊരു പ്രതീക്ഷയുണ്ട്. വിളവെടുപ്പ് കഴിയുമ്പോൾ ബാങ്കിൽ ഉൾപ്പെടെയുള്ള ബാധ്യതകൾ തീർത്ത് നല്ലൊരു ജീവിതത്തിലേയ്ക്ക് പോകുകയെന്നുള്ളതാണ് അവരുടെ ലക്ഷ്യം. ശ്രീമതി വീണാ ജോർജ്ജ് ഉന്നയിച്ച വന്യമൃഗശല്യവും പ്രളയവുമുൾപ്പെടെയുള്ള

നിരവധി പ്രതിസന്ധികളുണ്ട്. എല്ലാ റിപ്പോർട്ടും ഗവൺമെന്റിന് ജില്ലാ ഭരണകൂടം സമർപ്പിച്ചിട്ടുണ്ട്. ഈ വർഷവും കഴിഞ്ഞവർഷവും പ്രളയത്തിൽ നശിച്ച നെല്ല്, വാഴ, കുരുമുളക്, കാപ്പി തുടങ്ങിയ കൃഷികളെ സംബന്ധിച്ച് ഡി.ഡി.സി. മീറ്റിംഗിൽ ചർച്ച വരാറുണ്ട്. വയനാട് ജില്ലയിൽ കൃഷിവകുപ്പ് പറഞ്ഞിരിക്കുന്ന 16 കോടി രൂപയും കൂടി ലഭിച്ചുകഴിഞ്ഞാൽ കാലവർഷക്കെടുതിമൂലം നഷ്ടം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം കൊടുക്കാമെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആ 16 കോടി രൂപപോലും അനുവദിക്കാതെ കോടികളുടെ കണക്കാണ് ഇവിടെ പറയുന്നത്. മാത്രമല്ല, കാലവർഷക്കെടുതിയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോൾ നിരവധി ഫണ്ട് ഉണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഡി.ഡി.സി. മീറ്റിംഗിൽ ഉത്തരവാദപ്പെട്ട കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞതാണ് 16 കോടി രൂപയുടെ കണക്ക്. ആ 16 കോടി രൂപ അനുവദിച്ച് കാലവർഷക്കെടുതിയിൽ നാശനഷ്ടമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരത്തുക നൽകാൻ തയ്യാറാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, പ്രളയക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിന് പരമാവധി പരിശ്രമങ്ങൾ ഈ സർക്കാർ

നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ നേരത്തെ അതുമായി ബന്ധപ്പെട്ടുള്ള കണക്കുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നേരത്തെ സൂചിപ്പിച്ചതുപോലെ, കുരുമുളകുമായി ബന്ധപ്പെട്ടുള്ള പദ്ധതികൾ മാത്രമല്ല, വേറെയും നിരവധി പദ്ധതികൾ വയനാട് ജില്ലയുമായി ബന്ധപ്പെട്ട് ആവിഷ്കരിക്കുന്നുണ്ട്. ആദിവാസി മേഖലയിലെ സുസ്ഥിരവികസനത്തിനുവേണ്ടി കൃഷിവകുപ്പ് 8 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സമർപ്പിച്ചിട്ടുണ്ട്. അതിൽ നല്ലൊരു പങ്കും വയനാട് ജില്ലയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതുതന്നെയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇതുകൂടാതെ, 2020-21-ലെ വാർഷിക പദ്ധതിയിൽ ജാതികൃഷി ഉൾപ്പെടുത്തി അതിന്റെ പുനരുജ്ജീവനം ലക്ഷ്യമിട്ട് 10 കോടി രൂപയുടെ ഒരു പദ്ധതിക്ക് ശിപാർശയും നൽകിയിട്ടുണ്ട്. അതും വയനാട് ജില്ലയിലെ കർഷകർക്ക് പ്രയോജനം ചെയ്യുന്നതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. വയനാട് ജില്ലയ്ക്ക് മാത്രമായി 16 കോടി രൂപയുടെ അധിക തുക വേണ്ടിവരുമെന്നുള്ള കണക്ക് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. അതിന്റെ നിജസ്ഥിതി എന്താണെന്നുള്ളതിനെ സംബന്ധിച്ച് കൃഷി വകുപ്പിലെ

ഉദ്യോഗസ്ഥർ പങ്കെടുത്ത് പറഞ്ഞതായിട്ടാണ് അന്ന് പറഞ്ഞത്. അതിനെ സംബന്ധിച്ച് അന്വേഷിച്ച് ആ വിവരം അങ്ങേയ്ക്ക് നൽകാൻ ബന്ധപ്പെട്ട മന്ത്രിയെ ചുമതലപ്പെടുത്തുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്ങ് നൽകിയ ഉത്തരത്തിൽ ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടില്ലെന്ന് പറയുകയുണ്ടായി. എന്നാൽ ഇടുക്കി, വയനാട് ജില്ലകൾക്കുവേണ്ടി ബഡ്ജറ്റിൽ പ്രത്യേക പാക്കേജ് അനുവദിക്കുകയും അതിന്റെ ഭാഗമായി 250 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇവിടെയുണ്ടായ പ്രളയത്തിൽ, 2018-ൽ തന്നെ നിരവധി റോഡുകളും ഏഴോളം പാലങ്ങളും തകർന്നുപോയി. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും മുന്നിൽ ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങളുണ്ട്. ഈ അവസരത്തിലാണ് ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടില്ല എന്ന ഉത്തരം വന്നത്. ഇത് പുനഃപരിശോധിക്കുമോ; ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും ഗവൺമെന്റ് അടിയന്തരമായി ഇടപെടുമോ?

ശ്രീ. കെ. രാജു: സർ, 1200 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി

സംസ്ഥാന ബഡ്ജറ്റിൽ ഈ മേഖലയ്ക്കുവേണ്ടി പ്രത്യേകമായി അനുവദിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിന് അത്തരമൊരു പദ്ധതി പ്രഖ്യാപിച്ചിട്ടില്ലെന്നും എന്നാൽ 965 കോടി രൂപയുടെ വിവിധ പദ്ധതികൾ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നുവെന്നുമാണ് ഉത്തരത്തിൽ വിശദീകരിച്ചത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, പ്രളയവുമായി ബന്ധപ്പെട്ട് തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പുവഴിതന്നെ പ്രത്യേകമായി തുക അനുവദിച്ചിട്ടുണ്ട്. അതിന്റെ ലിസ്റ്റുകളെല്ലാം തയ്യാറായിട്ടുണ്ട്. അതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറയുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഫ്ലഡ് അഫക്റ്റഡ് വില്ലേജുകളിലെ റോഡുകളുടെയും പാലങ്ങളുടെയും മെയിന്റനൻസിനുവേണ്ടി സർക്കാർ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുന്നുണ്ട്. 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിൽ തകർന്ന വില്ലേജുകളിലെ റോഡുകളും പാലങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. റീ-ബിൽഡ് കേരളയുമായി ബന്ധപ്പെട്ട ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, സ്വാശ്രയ കോളേജുകളിലെ ഫീസ് നിശ്ചയിക്കുന്നതുപോലെയാണ് ഇപ്പോൾ നെല്ല് സംഭരണം നടക്കുന്നത്. ഇതൊരു സീസണൽ ഇഷ്യൂവായി നിലനിൽക്കുകയാണ്. നെല്ല് സംഭരണം വൈകുന്നതുമൂലം വലിയ പ്രയാസങ്ങളുണ്ടാകുന്നുണ്ട്. കർഷകർക്ക് ഒരു കിലോ നെല്ലിന് 26 രൂപ 95 പൈസ കിട്ടേണ്ട സ്ഥാനത്ത് ഓപ്പൺ മാർക്കറ്റിൽ പതിനാറും പതിനെട്ടും രൂപയ്ക്കാണ് ഇത് കൊടുക്കേണ്ടിവരുന്നത്. നെല്ല് സംഭരണം വൈകുന്നതുകൊണ്ട് ഓപ്പൺ മാർക്കറ്റിൽ തോന്നിയ വിലയ്ക്ക് വിൽക്കേണ്ടിവരികയാണ്. കൂടാതെ നെല്ലിന് ഉണക്ക് കുറവാണെന്ന കാരണത്താൽ മില്ലുകൾ നെല്ല് സ്വീകരിക്കാതിരിക്കുകയാണ്. അങ്ങനെ കാത്തുകാത്തിരുന്ന് കിട്ടിയവിലയ്ക്ക് നെല്ല് കൊടുക്കേണ്ട സാഹചര്യം മില്ലുകൾ കർഷകരുടെ മേൽ അടിച്ചേൽപ്പിക്കുകയാണ്. കഴിഞ്ഞ വർഷത്തെ കുടിശ്ശികയായി 1455 കോടി രൂപ സർക്കാരും സപ്ലൈകോയും ബാങ്കുകൾക്ക് നൽകാനുണ്ട്. ഇത് നൽകാത്തതിന്റെ പേരിൽ ബാങ്കുകൾ പലതും കർഷകരെ ബ്ലാക് ലിസ്റ്റ് ചെയ്യുകയാണ്. അവരുടെ സിബിൽ റേറ്റിംഗ് കുറയ്ക്കുകയാണ്. അവർ വേറെ വായ്പയെടുക്കാൻ പോകുമ്പോൾ അനുവദിക്കാതിരിക്കുകയാണ്. നെൽകർഷകർ ഗുരുതരമായ പ്രതിസന്ധിയിലാണ്. പ്രത്യേകിച്ച് പാലക്കാടുള്ള

നെൽകർഷകർക്കുവേണ്ടി മറ്റ് പല മേഖലകളിലുമുള്ളതുപോലെ ഒരു പാക്കേജ് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയം സീസണലായി നിലനിർത്താതെ എന്നന്നേയ്ക്കുമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, അധിക നെല്ല് സംഭരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളാണ് ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സ്വീകരിച്ചിട്ടുള്ളത്. കർഷകർ ഉല്പാദിപ്പിക്കുന്ന അധിക നെല്ല് തൊട്ടടുത്ത സംഭരണകേന്ദ്രങ്ങളിൽ എത്തിക്കുമ്പോൾ അവിടെനിന്നും നൽകുന്ന രസീത് ബാങ്കുകളിൽ ഹാജരാക്കിയാൽ ഒരാഴ്ചയ്ക്കുള്ളിൽ അവർക്ക് പണം ലഭ്യമാകുന്ന സംവിധാനമാണ് കൃഷിവകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ഏറ്റവും വലിയ സമാശ്വാസമാണ് അതുവഴി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. കുടിശ്ശിക ഇല്ലെന്നല്ല, ആ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സജി ചെറിയാൻ: സർ, പ്രളയംമൂലം വലിയതോതിലുള്ള നാശനഷ്ടങ്ങൾ കാർഷികമേഖലയിലുണ്ടായെങ്കിലും ഗവൺമെന്റിന്റെയും കൃഷിവകുപ്പിന്റെയും ഇടപെടലിന്റെ ഭാഗമായി ഉല്പാദനരംഗത്ത് വലിയ

മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. പച്ചക്കറി കൃഷിയിൽ സംസ്ഥാനം സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ അതിന് പൂർണ്ണമായ വിജയം കൈവരിക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാജു: സർ, പച്ചക്കറി കൃഷിയുടെ കാര്യത്തിൽ വൻകുതിച്ചുചാട്ടമാണ് സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 2015-16 സാമ്പത്തികവർഷം 46578 ഹെക്ടർ സ്ഥലത്തുനിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഈ സർക്കാരിന്റെ സമയോചിതമായ ഇടപെടലുകളെത്തുടർന്ന് 2018-19-ൽ 82166 ഹെക്ടർ സ്ഥലത്തുനിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. 2019-20-ൽ 14.72 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ സർക്കാരിന്റെ കാലഘട്ടത്തിനുള്ളിലല്ലെങ്കിലും വരുന്ന മൂന്നുനാല് വർഷംകൊണ്ട് കേരളം പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ സാധിക്കുന്നതരത്തിലുള്ള പ്രോത്സാഹനവും അതിനാവശ്യമായ പദ്ധതികളുമാണ് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ നടത്തിവരുന്നത്.

## ഗതാഗത നിയമലംഘനങ്ങൾക്കുള്ള പിഴ

3 (*273) ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതിപ്രകാരം അമിതഭാരത്തിന് എത്ര തുകയാണ് പിഴയായി ഈടാക്കുന്നത്; അധികമായി വരുന്ന ഓരോ ടണ്ണിനും കൂടുതൽ പിഴ ഈടാക്കാൻ നിർദ്ദേശമുണ്ടായിരുന്നോ;

(ബി) അമിതഭാരം കയറ്റുന്ന വാഹനങ്ങൾക്കുള്ള പിഴത്തുക സംസ്ഥാനം കുറച്ചിട്ടുണ്ടോ; എത്ര അധിക ലോഡ് കയറ്റിയാലും ഒരു പിഴത്തുക മാത്രം ഈടാക്കിയാൽ മതിയെന്ന് ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ പിഴയിൽ കുറവ് വരുത്തിയത് ക്വാറി മാഫിയകളടക്കമുള്ള നിയമലംഘകർക്ക് അനുകൂലമാകുമെന്നതിനാൽ ഇക്കാര്യം പുനഃപരിശോധിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ&ബി) പുതുക്കിയ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 194(1) പ്രകാരം അമിതഭാരത്തിന് 20,000/- രൂപയും അധികമുള്ള ഓരോ

ടണ്ണിനും 2,000/- രൂപയുമാണ് പിഴയായി നിർദ്ദേശിച്ചിരുന്നത്. എന്നാൽ കേന്ദ്ര നിയമപ്രകാരമുള്ള തുക വളരെ ഉയർന്നതായതിനാൽ വ്യാപകമായ പൊതുജന പ്രതിഷേധമുണ്ടായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ചില വകുപ്പുകൾ പ്രകാരമുള്ള പിഴത്തുകകൾ കുറയ്ക്കാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി 194(1)-ാം വകുപ്പുപ്രകാരമുള്ള പിഴത്തുകയും കുറയ്ക്കാൻ തീരുമാനിച്ചിരുന്നു. ഇപ്രകാരം അമിത ഭാരത്തിനുള്ള പിഴത്തുക 10,000/- രൂപയായും അധികമുള്ള ഓരോ ടണ്ണിനുമുള്ള പിഴത്തുക 1,500/- രൂപയായും കുറച്ചിട്ടുണ്ട്. അമിത ഭാരം കൂടുന്നതിനനുസരിച്ച് പിഴത്തുകയും കൂടുന്നതാണ് എന്നതിനാൽ ഇത് നിയമലംഘകർക്ക് സഹായകമായ സാഹചര്യമുണ്ടാക്കുമെന്ന് കരുതുന്നില്ല.

ശ്രീ. അൻവർ സാദത്ത്: സർ, കേന്ദ്രഗവൺമെന്റ് ഈടാക്കിയ അമിത പിഴത്തുക സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് കുറയ്ക്കുന്ന സാഹചര്യമുണ്ടായി. അത് നല്ല കാര്യം തന്നെയാണ്. പരിശോധനയിൽ വാഹനം പിടിക്കുമ്പോൾ പല വെഹിക്കിൾ ഉദ്യോഗസ്ഥന്മാരും പറയുന്നത്, പിഴയായി ഇത്ര രൂപയാണ് ഈടാക്കുന്നതെന്നും ഞങ്ങളത് കുറച്ചുതരുന്നതാണെന്നുമാണ്. ഇത് ആളുകളെ ഭയപ്പെടുത്തുന്ന ഒരു സമീപനമാണ്. ഇക്കാര്യം ഗവൺമെന്റിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പിഴത്തുക എത്രയാണെന്ന് വ്യക്തമാക്കാനും അത് ഗവൺമെന്റ് കുറച്ചതാണെന്നുമുള്ള കാര്യം ആളുകളോട് പറയാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പിഴത്തുക കുറച്ചുകൊടുക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഔദാര്യമാണെന്ന വിധത്തിലുള്ള പ്രചരണമുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഈ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ  നിയമനടപടി സ്വീകരിക്കാൻ അവകാശമുള്ളൂ. അതിൽനിന്നും ഭിന്നമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ കർശന  നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, മറ്റൊരു പ്രധാന വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. നിയമലംഘനം ആര് നടത്തിയാലും അതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്നതാണ് സുതാര്യമായ രീതി. നമ്മുടെ നാട്ടിൽ രണ്ട് നീതി നടപ്പാകാൻ പാടില്ല.  ഉയർന്ന പോലീസ് ഉദ്യോഗസ്ഥരടക്കമുള്ള പല ഉന്നതരുടെയും വാഹനങ്ങളിൽ കൂളിംഗ് ഗ്ലാസ്

പേപ്പർ ഒട്ടിച്ചിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല. വാഹനങ്ങളിൽ കൂളിംഗ് ഗ്ലാസ് പേപ്പർ ഒട്ടിക്കാൻ പാടില്ലെന്ന നിയമമുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരടക്കം പല ഉന്നതരുടെയും വാഹനങ്ങളിൽ ഈ പേപ്പർ ഒട്ടിച്ചിട്ടുണ്ട്. നിയമസഭാ മന്ദിരത്തിൽത്തന്നെ കൂളിംഗ് ഗ്ലാസ് പേപ്പർ ഒട്ടിച്ച വാഹനങ്ങൾ കിടപ്പുണ്ട്. അതിനെതിരെ കർശന നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? നിയമം പാലിക്കേണ്ട ഉദ്യോഗസ്ഥരാണ് നിയമം ലംഘിക്കുന്നത്. ഇന്നുതന്നെ ആ വാഹനങ്ങളിലെ കൂളിംഗ് ഗ്ലാസ് പേപ്പർ മാറ്റാനുള്ള നടപടിയെടുക്കാൻ ഗവൺമെന്റ് ആർജ്ജവം കാണിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാകേണ്ടതാണെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം ശരിയാണ്. സർക്കാർ വാഹനങ്ങളിൽ ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നത് തടയാൻ ഇതിനകംതന്നെ ബന്ധപ്പെട്ട വകുപ്പധികൃതർക്ക് ഗതാഗത വകുപ്പിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ട്. അത് വേണ്ടത്ര ഫലപ്രദമായില്ലെന്നാണ് അങ്ങയുടെ ചോദ്യത്തിൽനിന്നും വ്യക്തമായത്. ഈ നിയമം കർശനമാക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്. അതോടൊപ്പം

സഭയുടെ ഈ വികാരം ഉദ്യോഗസ്ഥതലത്തിലും ജനപ്രതിനിധികളുടെ തലത്തിലുമുള്ള പൗരസമൂഹത്തിന് സന്ദേശമായി മാറുമെങ്കിൽ അത് നല്ലതായിരിക്കും.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(അടിയന്തരപ്രമേയം)